# പോക്കിരിപ്പട്ടി

## ഫഖ്‌രി ഖഅ്‌വാർ

**കുട്ടികളായ** ഞങ്ങളുടെ കടുത്ത ശത്രുവായ ഗ്രാമത്തിലെ പോക്കിരപ്പട്ടിയെ ഇന്ന് ഞാൻ വളരെ അടുത്ത് നിന്ന് കണ്ടു. ഭയം കാരണം, മതിലിന് പിന്നിൽ ഒളിഞ്ഞ് നിന്നാണ് കണ്ടത്. വെയിലിൽ അതിന്റെ നീണ്ട് പരുത്ത രോമങ്ങൾക്ക് കൂടുതൽ തിളക്കം. കോട്ടുവായിട്ടപ്പോൾ രണ്ട് വരിയിലെയും പല്ലുകളും എനിക്ക് കാണാനായി. ഓരോ വരിയിലും പെൻസിൽ മുന പോലെ നീണ്ട് കൂർത്ത തേറ്റകൾ.

സത്യം ചെയ്ത് ഇതൊക്കെ പറഞ്ഞിട്ടും കൂട്ടുകാർ എന്താ എന്നെ വിശ്വസിക്കാത്തത്?

മൂക്കിന് നേരെ വന്ന കറുത്ത ഈച്ചയെ ആട്ടിയോടിച്ച് അബൂശതാറയുടെ പട്ടി വീണ്ടും മുൻകാലുകളിൽ ഊന്നിയിരുന്നു. മതിലിന് പിന്നിലെ എന്റെ സാന്നിധ്യം അറിഞ്ഞിട്ടാണാവോ അതിന്റെ പെരുമാറ്റത്തിൽ മാറ്റം വന്നതെന്ന് സംശയിച്ച് ഞാൻ സ്ഥലം വിട്ടു. എന്നെ പിന്തുടരാൻ മുതിർന്നില്ലെങ്കിലും ശക്തമായൊന്ന് കുരച്ചു. ഭൗ...



ഞാൻ വീട്ടിലേക്ക് കയറിയപ്പോഴേക്കും പുറത്ത് ജനങ്ങളുടെ ബഹളം. അതിലും ശക്തമായി പട്ടിയുടെ കുരയും കിതക്കലും.

ഇന്നതിന്റെ ഇരയായത് പാവം മൈസൂനാണ്. അവളോടും ഞാൻ എത്ര തവണ അതിന്റെ തേറ്റയെപ്പറ്റി പറഞ്ഞിട്ടുണ്ട്. രണ്ടാഴ്ചക്കകം രണ്ടാമത്തെ തവണയാണ് പോക്കിരിപ്പട്ടി മൈസൂനെ ആക്രമിക്കുന്നത്. അന്ന് ഞാനും അവളുടെ കൂടെയുണ്ടായിരുന്നു. പ്രാണരക്ഷാർഥം ഓടി വീണതല്ലാതെ ഞങ്ങൾക്ക് കടിയേറ്റിരുന്നില്ല. ഇന്ന് മൈസൂന്റെ ഉടുപ്പ് കീറുക മാത്രമല്ല മൃദുല മാംസവും ആ തേറ്റകൊണ്ട് കീറി രക്തം വാർന്നൊഴുകി. പാവം മൈസൂൻ...

വലിയവരെ എന്താണ് പട്ടി ആക്രമിക്കാത്തത്? അവരെ എന്താ ഓടിക്കാത്തത്? ഞങ്ങൾ കുട്ടികൾ അതിനെ ഇഷ്ടപ്പെടുന്നില്ലെന്നത് ശരി. കിട്ടുന്നിടത്തൊക്കെവെച്ച് കല്ലെറിയുന്നത് ഞങ്ങളോട് അതിന് ശത്രുതയുള്ളതു കൊണ്ടല്ലേ, ഞങ്ങളുടെ സുരക്ഷക്കല്ലേ?

പാവം മൈസൂനാണ് അതിന്റെ ശത്രുതക്ക് ഏറ്റവും കൂടുതൽ ഇരയായിട്ടുള്ളത്... പോക്കിരിപ്പട്ടിയെ വെടിവെക്കാൻ മൈസൂന്റെ പിതാവ് തോക്കെടുത്ത് പുറത്തിറങ്ങിയെങ്കിലും



**ഫഖ്‌രി ഖഅ്‌വാർ**

ജോർദാനിലെ ഇറാഖ് അതിർത്തിയിലുള്ള അജ്ഫോറിൽ 1945ൽ ജനനം. വിദ്യാർഥിയായിരിക്കെ കഥ എഴുതാനാരംഭിച്ചു. കഥകളും ലേഖനങ്ങളും അറബ് ലോകത്തെ വിവിധ മാഗസിനുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1975 മുതൽ ജോർദാനിലെ 'അൽഅഖ്ബാർ', 'അദ്ദസ്തൂർ', 'അൽറഅ്‌യ്' എന്നീ ദിനപത്രങ്ങളിൽ കോളമിസ്റ്റാണ്. 1989ൽ അമ്മാനിൽ നിന്ന് പാർലമെന്റിലെത്തി. 'ഔറാഖ്', 'അൽവഹ്ദ' എന്നീ മാഗസിനുകളുടെയും 'അൽവിസാം' എന്ന ബാല പ്രസിദ്ധീകരണത്തിന്റെയും പത്രാധിപരായിട്ടുണ്ട്. വിവിധ സാഹിത്യ വേദികളുടെ മേധാവിയും സെക്രട്ടറി ജനറലുമായും സേവനമനുഷ്ഠിച്ചു. അറബ് ലോകത്തെ പ്രമുഖ അവാർഡുകൾ ഫഖ്‌രിയെ തേടിയെത്തിയിട്ടുണ്ട്.

ജനങ്ങൾ തടഞ്ഞു. അത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നാണ് അവരുടെ അഭിപ്രായം. ഒടുവിൽ രണ്ടും കൽപിച്ച് അയാൾ അബൂശതാറയുടെ താവളത്തിലേക്ക് ചെന്നു. പൗരാണിക മതിൽകെട്ടിന്റെ തുരുമ്പ് പിടിച്ച വാതിലുകൾ തള്ളിത്തുറന്നപ്പോഴുണ്ടായ പരുക്കൻ ശബ്ദം പുറത്തു നിൽക്കുന്ന ഞങ്ങൾക്ക് കേൾക്കാമായിരുന്നു. ആ ക്രൂരന്റെ താവളത്തിൽ നിന്ന് മൈസൂന്റെ പിതാവ് ജീവനോടെ തിരിച്ച് വരില്ലെന്ന് ജനം പ്രവചിച്ചു.

സ്ത്രീകളിൽ ചിലർ പറഞ്ഞു: 'അദ്ദേഹമെങ്കിലും അതിന് ധൈര്യം കാണിച്ചല്ലോ. ഈ പോക്കിരിപ്പട്ടിയുടെയും അതിന്റെ യജമാനന്റെയും ഇംഗിതത്തിനനുസരിച്ച് നാം എത്രകാലം കഴിയും.' പട്ടിയുടെ പരുക്കൻ കുര അപ്പോഴും പുറത്തേക്ക് കേൾക്കാമായിരുന്നു. ഭൗൗ... ഭൗൗ...

അബൂശതാറയുമായി നേരിടുന്നത് നല്ലതിനല്ലെന്ന് ചിലർ... ആണുങ്ങളാണെങ്കിൽ മറ്റാണുങ്ങളെ പേടിക്കേണ്ടതില്ലെന്ന് മൈസൂന്റെ മാതാവ്... പാവം മൈസൂന് അവളുടെ പിതാവിനെയും നഷ്ടമായോ എന്ന് സങ്കടപ്പെട്ട് ഞങ്ങൾ കുട്ടികൾ...

ജനസംസാരം നീണ്ടുപോകവെ, പട്ടിയെ കൊല്ലാൻ അബൂശതാറ അനുവദിച്ചെന്നറിയിച്ച് മൈസൂന്റെ പിതാവ് ജേതാവായി തിരിച്ച് വന്നു. ഏത് രീതിയിൽ വേണമെങ്കിലും കൊല്ലാം. വെടിവെച്ച്... കല്ലെറിഞ്ഞ്... തൂക്കിക്കൊല്ലാം. ഗ്രാമവാസികൾ വീണ്ടും ഭിന്നാഭിപ്രായത്തിൽ...

പോക്കിരിപ്പട്ടിയുടെ കഴുത്തിൽ കുരുക്ക് വീണു. മരക്കൊമ്പിലേക്ക് തൂക്കി... തലക്കടിച്ച്... ജീവൻ പോയെന്ന് ഉറപ്പ് വരുത്തി. ആളുകൾ പരസ്പരം അനുമോദിച്ചു. ആശ്വസിച്ചു...

മൈസൂനോട് ഞാൻ ചോദിച്ചു. പോക്കിരിപ്പട്ടിയില്ലാത്ത ഗ്രാമം എന്ത് സുന്ദരം!! അവൾ പറഞ്ഞു: സ്വർഗ തുല്യം !!! നിർഭയരായി പുറത്തിറങ്ങി നടക്കാമല്ലോ.

സന്തോഷാതിരേകത്താൽ ഞങ്ങൾ അബൂശതാറയുടെ താവളത്തിന് മുന്നിലൂടെത്തന്നെ മടങ്ങി. കവാടത്തിന് മുന്നിലെത്തിയപ്പോൾ... അതാ വീണ്ടും പട്ടിയുടെ പരുഷമായ കുര... ഭൗൗ... ഭൗൗ...

കൂടുതൽ ക്രൂരനായ പുതിയ പട്ടി. തണുപ്പ് മാറ്റാൻ മുൻകാലുകളിൽ ഉന്നിയിരുന്ന് വെയിൽ കായുന്നു. നിന്ദ്യതയോടെ, പരുഷമായി അത് ഞങ്ങളെ നോക്കി...സൂര്യപ്രകാശത്തിൽ അതിന്റെ പരുത്ത രോമങ്ങൾ കൂടുതൽ തിളങ്ങി...


വിവ: **അസ്ഹർ പുള്ളിയിൽ**
**azharpulliyil@gmail.com**


# നാനോ കഥകൾ



## പെരുമ്പാമ്പ്

താടിയെല്ലും തലയും ആരൊക്കെയോ ചേർത്ത് കെട്ടി കൊടുത്തപ്പോൾ മാത്രമാണ് ആർത്തിയോടെ പിളർത്തിവെച്ചിരുന്ന അയാളുടെ വായ തെല്ലൊന്നടഞ്ഞത്.



## കരിങ്കല്ല്

മരണകാരണം ഹൃദയാഘാതമാണെന്ന് ഡോക്ടർമാർ വിധിയെഴുതുന്നത് വരെ അയാൾക്കൊരു ഹൃദയമുണ്ടായിരുന്ന കാര്യം ആളുകൾക്കറിയില്ലായിരുന്നു.

## മാടുജീവിതം

കുടിച്ചും മദിച്ചും ആഘോഷിച്ച രാത്രി നേരം പുലർന്നു നോക്കിയപ്പോഴേക്കും അയാളുടെ വീട്ടിലെ കാലികളെല്ലാം കയറും പൊട്ടിച്ച് ഓടിപ്പോയിരുന്നു.




**യൂസുഫ് പുലാപ്പറ്റ, ദോഹ**
**mvynippadath@qma.org.qa**